**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1777** **08-10-2021 - ൽ മറുപടിയ്ക്ക്**

**അഞ്ചൽ-കൊട്ടിയം റൂട്ടിൽ യാത്രാക്ലേശം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി സി വിഷ്ണുനാഥ് | | Shri Antony Raju<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | അഞ്ചൽ-കൊട്ടിയം റൂട്ടിൽ അതിരൂക്ഷമായ യാത്രാക്ലേശം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിനായി ചെയിൻ സർവ്വീസുകൾ ആരംഭിക്കുന്നതിന് അടിയന്തരനടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (എ) | കോവിഡിന് മുൻപ് അഞ്ചൽ-കൊട്ടിയം റൂട്ടിൽ ചാത്തന്നൂർ, ചടയമംഗലം യൂണിറ്റുകളിൽ നിന്നായി 14 ചെയിൻ സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്തിരുന്നു. എന്നാൽ ടി ഷെഡ്യൂളുകളിലെ 46-ഓളം ട്രിപ്പുകളും, ഡീസൽ തുകയും, ജീവന ക്കാരുടെ ശമ്പളവും ലഭിക്കാതെയാണ് സർവ്വീസ് നടത്തിയിരുന്നത്. കോർപ്പറേഷന്റെ നിലവിലെ കടുത്ത സാമ്പത്തിക പ്രതിസന്ധിയിൽ ഇത്തരത്തിൽ നഷ്ടം സഹിച്ച് പൊതുജനങ്ങൾക്കും കെ.എസ്. ആർ.ടി.സി.യ്ക്കും ഗുണകരമല്ലാത്ത വിധത്തിൽ സർവ്വീസ് നടത്തിക്കൊണ്ടു പോകുവാൻ കഴിയാത്ത സാഹചര്യമാണ്. ആയതിനാൽ നഷ്ടത്തിൽ ഓടിയിരുന്ന ട്രിപ്പുകളും സർവ്വീസുകളും ജനോപകാരപ്രദമായും കോർപ്പറേഷന് കൂടുതൽ വരുമാനം ലഭിക്കുന്ന രീതിയിലും പുന:ക്രമീകരിക്കുകയുണ്ടായി. അതനുസരിച്ച് നിലവിൽ ടി റൂട്ടിൽ ചാത്തന്നൂർ, ചടയമംഗലം യൂണിറ്റുകളിൽ നിന്നായി 11 ഷെഡ്യൂളുകൾ സർവ്വീസ് നടത്തി വരുന്നുണ്ട്. ഇവയിൽ 17 ട്രിപ്പുകൾ ഇപ്പോഴും ഡീസൽ തുക പോലും ലഭിക്കാതെയാണ് സർവ്വീസ് നടത്തി വരുന്നത്. ട്രാഫിക് ഡിമാന്റ് അനുസരിച്ചും ട്രിപ്പുകൾ പ്രവർത്തന ചെലവ് ലഭിക്കുന്ന രീതിയിലും പുന:ക്രമീകരിച്ച് സർവ്വീസ് മെച്ചപ്പെടുത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ